



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
09 MARCH 2024 | VOL 03 | ISSUE 068 | 767

# ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ ക്രിസ്ത്യൻ പ്രതിനിധി ഇല്ലാതായിട്ടു നാലു വർഷം

ഡൽഹി : ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ (എൻ.എം.സി.) ക്രിസ്ത്യൻ പ്രതിനിധി ഇല്ലാതായിട്ടു നാലു വർഷം പിന്നിട്ടു. വൈസ് ചെയർമാനായിരുന്ന ജോർജ് കുര്യനെ 2020 മാർച്ച് 31 നു രാജിവയ്പിച്ചശേഷം ആ ഒഴിവ് ഇതുവരെ നികത്തിയിട്ടില്ല. ഇതോടെ, മറ്റു ന്യൂനപക്ഷ സമുദായങ്ങൾക്കു പ്രതിനിധി ഉണ്ടായിട്ടും ക്രൈസ്തവ വിഭാഗങ്ങളോടുള്ള വിവേചനം തുടരുകയാണെന്ന ആക്ഷേപം ശക്തമായി.



ഏറ്റുമാനൂർ കാണക്കാരി സ്വദേശി ജോർജ് കുര്യനെ 2017 ലാണു കമ്മിഷൻ വൈസ് ചെയർമാനായി നിയമിച്ചത്. അതിനു മുമ്പ് അദ്ദേഹം കമ്മിഷൻ അംഗമായിരുന്നു. എന്നാൽ, ബി.ജെ.പി. സംസ്ഥാന കമ്മിറ്റി ഓഫീസിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി നിയമിച്ചു ജോർജ് കുര്യനെ രാജിവയ്പിക്കുകയായിരുന്നു. ഇതിനിടെ വിവിധ വിഭാഗങ്ങളിലെ നേതാക്കളുടെ പാനൽ തയാറാക്കിയെങ്കിലും 2023 ജൂലെ 28 നു റദ്ദാക്കി. ഇതിന്റെ കാരണം വ്യക്തമല്ല. മൂന്നുവർഷമാണു കമ്മിഷന്റെ കാലാവധി.

കമ്മിഷൻ രൂപീകരിച്ച കാലഘട്ടം മുതൽ ഇതുവരെ ക്രിസ്ത്യൻ പ്രതിനിധികളെ ഒഴിവാക്കിയിരുന്നില്ല. ചെയർമാനും വൈസ് ചെയർമാനും ഉൾപ്പെട്ട ഏഴംഗങ്ങളാണു കമ്മിഷനിലുള്ളത്. നിലവിൽ ചെയർമാൻ ഉൾപ്പെടെ അഞ്ചംഗങ്ങളുണ്ട്. ഇസ്ലാം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി മതങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി 1992 ൽ ആണു ജുഡീഷ്യൽ അധികാരങ്ങളുള്ള കമ്മിഷൻ രൂപീകരിച്ചത്. 2014 ൽ ജൈന വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി. സിഖുമത പ്രതിനിധി ഇഖ്ബാൽ സിങ് ലാൽപുര ചെയർമാനായ ഇപ്പോഴത്തെ കമ്മിഷനിൽ ബാക്കി വിഭാഗങ്ങൾക്കെല്ലാം പ്രതിനിധികളുണ്ട്.


## ഹിന്ദുക്കളും ന്യൂനപക്ഷ പദവിയിലെത്തും; കേരളത്തിൽ മുസ്ലിംകൾ ഒഴിവായേക്കും

ഡൽഹി: വരാനിരിക്കുന്ന പൗരത്വ ഭേദഗതിയിൽ ന്യൂനപക്ഷ നിർവചനത്തിൽ മാറ്റം വരുത്തിയേക്കുമെന്ന അഭ്യൂഹം ശക്തം.

ന്യൂനപക്ഷങ്ങളെ സംസ്ഥാന അടിസ്ഥാനത്തിൽ പുനഃനിർവചിക്കുന്നതാണു കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. അതനുസരിച്ചു ഹിന്ദുക്കളും ചില സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ പദവിയിൽ ഉൾപ്പെടും. നാഗാലാൻഡ്, മേഘാലയ, മിസോറം സംസ്ഥാനങ്ങളിൽ ഹിന്ദുക്കൾ ന്യൂനപക്ഷമാണ്. എന്നാൽ, നിലവിൽ ഹിന്ദുക്കളെ ഭൂരിപക്ഷ സമുദായമായാണ് കണക്കാക്കുന്നത്. ഇതു മറികടക്കുന്നതിനാണു സംസ്ഥാനാടിസ്ഥാനത്തിൽ ന്യൂനപക്ഷങ്ങളെ പുനഃനിർവചിക്കാനുള്ള നീക്കം.

പുതിയ ഭേദഗതി വന്നാൽ, മുസ്ലീങ്ങൾക്കു കേരളമുൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും ന്യൂനപക്ഷ പദവി നഷ്ടപ്പെടാം. ആകെ ജനസംഖ്യയുടെ നിശ്ചിത ശതമാനത്തിനു താഴെയായാൽ മാത്രമേ ന്യൂനപക്ഷ പദവിയ്ക്കു അർഹതയുണ്ടാവൂ. എത്ര ശതമാനമാണെന്നതു കണക്കാക്കുന്നത് കേന്ദ്രസർക്കാരാവും.

**CARTOON:**



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ


ബ്ലസിൻ ജോൺ മലയിൽ

# ലിംഗസമത്വത്തിൽ 146 രാജ്യങ്ങളിൽ ഇന്ത്യക്ക് ഇപ്പോഴും 127-ാം സ്ഥാനം

അങ്ങനെ ഒരു വനിതാ ദിനം കൂടെ സമാപിക്കുന്നു. യഥാർത്ഥത്തിൽ ഇങ്ങനെയൊരു ദിനം ആചരിക്കുന്നത് എന്തിനാണെന്ന് നിങ്ങൾ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകി അവർ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും ആഹ്വാനം ചെയ്യുന്നതിനു മുള്ളതാണ് വനിതാദിനം.

2024ലെ അന്താരാഷ്ട്ര വനിതാദിനത്തിന്റെ പ്രമേയം ഇൻവെസ്റ്റ് ഇൻ വിമെൻ; ആക്സിലറേറ്റ് പ്രോഗ്രസ്സ് എന്നതാണ്. അതായത് സ്ത്രീകളിൽ നിക്ഷേപിക്കുക, പുരോഗതിയെ ത്വരിതപ്പെടുത്തുക എന്നാണതിന്റെ അർത്ഥം.

1977ലാണ് ആദ്യമായി യുഎൻ അന്താരാഷ്ട്ര വനിതാദിനം ഔദ്യോഗികമായി അംഗീകരിച്ചത്.

ന്യൂയോർക്കിലെ തുണിമില്ലുകളിൽ തൊഴിലെടുത്തിരുന്ന സ്ത്രീകൾ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും കുറഞ്ഞ തൊഴിൽ സമയവും വോട്ടു ചെയ്യാനുള്ള അവകാശവും ആവശ്യപ്പെട്ട് 1857 മാർച്ച് എട്ടിനു നടത്തിയ ഐതിഹാസികമായ പോരാട്ടവും 1908 മാർച്ച് എട്ടിന് നടത്തിയ സമരവും അവകാശങ്ങൾക്കായി നടന്ന ശബ്ദമുയർത്തലുകളുമായിരുന്നു വനിതാദിനം എന്ന ആശയത്തിലേക്ക് ഐക്യരാഷ്ട്ര സംഘടനയെ നയിച്ചത്.

കഴിവുതെളിയിച്ചവരും കരുത്തരുമായ സ്ത്രീകൾക്ക് ഇന്ത്യയിൽ ക്ഷാമമില്ല. പക്ഷേ ലിംഗവിവേചനങ്ങളില്ലാത്ത സമത്വത്തിന്റേതായ ലോകത്തേക്ക് ഇനിയും നാം ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. സ്ത്രീകൾക്കെതിരായ വർധിച്ചുവരുന്ന അതിക്രമങ്ങളും പെൺഭ്രൂണഹത്യകളും വേതനനിരക്കിലെ അസമത്വവുമെല്ലാം ഇന്ത്യയിൽ സ്ത്രീസമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്.സ്ത്രീകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

ലിംഗസമത്വത്തിൽ 146 രാജ്യങ്ങളിൽ ഇന്ത്യ ഇപ്പോഴും 127ാം സ്ഥാനത്താണെന്നാണ് ലോക സാമ്പത്തികഫോറത്തിന്റെ 2023ലെ റിപ്പോർട്ട്. മറ്റാരേക്കാളും പിന്നിലല്ല തങ്ങളെന്ന് സ്ത്രീകൾ എല്ലാ മേഖലകളിലും തെളിയിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. തളച്ചിടപ്പേടേണ്ടവർ അല്ല, ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് മുന്നേറേണ്ടവരാണ് തങ്ങളെന്ന് സ്ത്രീകൾ സ്വയം തിരിച്ചറിയണമെന്നാണ് ഈ വനിതാദിനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

## നെതർലാൻഡ്സ്

| | | |
|---|---|---|
| തലസ്ഥാനം | : | ആംസ്റ്റർഡാം |
| ഭാഷ | : | ഡച്ച് |
| ജനസംഖ്യ | : | 17,671,125 |
| പ്രസിഡണ്ട് | : | മാർക്ക് റൂത്തെ |
| മതം | : | മതമില്ല |

ചരിത്രപരമായി ആഴത്തിൽ ക്രിസ്തീയ വേരുകളുള്ള രാജ്യം. ഇന്ന് അതെല്ലാം പഴങ്കഥ. ക്രിസ്തുവിൽ ഒരു പുനർജീവൻ ഉണ്ടാകാനും പുത്തൻ ഉണർവ്വിനായും പ്രാർത്ഥിക്കുമോ?

രാജ്യത്തെ വിശ്വാസികൾ ക്രിസ്തുവിനായി ശക്തമായി നിലനിൽക്കാൻ നിങ്ങൾ പ്രാർത്ഥിക്കുമോ? മുഖംമൂടിയണിഞ്ഞ ക്രിസ്ത്യാനികളാണ് ഏറെയും. ഇവരുടെ ആത്മീയ നിസ്സംഗത മാറണം.

ക്രിസ്തുവിനെക്കുറിച്ച് ഒന്നുമറിയാത്ത ചെറുപ്പക്കാർ. ക്രിസ്ത്യാനിറ്റിയെ അപ്രസക്തമായി കാണുന്നവർ! യുവജനങ്ങൾക്കായി പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 09**

'സകല നന്മകളിലും നിന്നെ കർത്താവ് നിന്നെ കാത്തുകൊള്ളും; അവിടുന്ന് നിന്റെ ജീവൻ സംരക്ഷിക്കും'. (സങ്കീ 121 : 7)

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
09 MARCH 2024
VOL 03 | ISSUE 068 | 767

# സഭയ്ക്കെതിരെ വ്യാജപ്രചരണം അരുത് : മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൂദാശകളിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ആചാരങ്ങൾക്ക് വ്യത്യസങ്ങൾ വരുത്തി എന്ന പേരിൽ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന് സഭാ നേതൃത്വം അറിയിച്ചു. മിന്നുകെട്ട്, മന്ത്രകോടി, കച്ച കൊടുക്കൽ, നിലവിളക്ക് കൊളുത്തി സ്വീകരണം തുടങ്ങിയ എല്ലാ വിവാഹ ചടങ്ങുകളിലെ ആചാരങ്ങൾക്ക് മലങ്കര ഓർത്തോഡോക്സ് സഭയിൽ ശ്വാശത വിലക്ക് ഏർപ്പെടുത്തി പരിശുദ്ധ കാതോലിക്ക ബാവ കൽപ്പന പുറപ്പെടുവിച്ചുവെന്നും കൽപ്പന പ്രകാരം സഭയുടെ വിവാഹ ക്രമത്തിൽ ഇത്തരം ആചാരങ്ങൾ ഉണ്ടായിരിക്കില്ല എന്ന വാർത്തയാണ് സമൂഹമാധ്യമങ്ങളിൽ കൂടെ കഴിഞ്ഞ കുറെ ദിവസങ്ങളായി പ്രചരിക്കുന്നത്.

എന്നാൽ ഇതിന്റെ നിജസ്ഥിതി അറിയുവാൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കോട്ടയം ദേവലോകം അരമനയിൽ വിളിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞത് ഇത് വ്യാജവാർത്തയാണെന്നാണ്. കൂടാതെ സഭയുടെ മീഡിയാ വിഭാഗമായ കതോലിക്കറ്റ് ന്യൂസ് ഫേസ് ബുക്ക് പേജിൽ വ്യാജ വാർത്തയുടെ വിശദീകരണ കുറിപ്പും അവർ നൽകിയിട്ടുണ്ട്. കൂദാശാ സംബന്ധമായ എന്തെങ്കിലും തീരുമാനം കൈക്കൊള്ളുന്നത് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസാണെന്നും , സുന്നഹദോസ് എടുക്കുന്ന തീരുമാനം കാതോലിക്കാ ബാവാ കൽപ്പനയിലൂടെ വൈദികരെയും ഇടവക ജനങ്ങളെയും അറിയിച്ച് നടപ്പിലാക്കുന്ന രീതിയാണ് നിലവിലുള്ളതെന്നും കുറിപ്പിൽ പറയുന്നു. ഇത്തരത്തിൽ യാതൊരു നടപടി ക്രമങ്ങളും ഇല്ലാതിരിക്കെ സഭക്കെതിരെ തെറ്റിദ്ധാരണ പരത്തുന്ന പ്രചരണത്തിൽ നിന്ന് പിൻമാറണമെന്നും ഇത്തരത്തിലുള്ള വ്യാജ വാർത്തകൾ തള്ളിക്കളയണമെന്നും വിശദീകരണ കുറിപ്പിൽ പറയുന്നു.

വാർത്തയുടെ നിജസ്ഥിതി അറിയാതെ ക്രൈസ്തവ ബ പെന്തെക്കോസ്ത് ഗ്രൂപ്പുകളിൽ ഇത്തരം വ്യാജ വാർത്തകൾ പോസ്റ്റ് ചെയ്യുന്നവർക്ക് ഒരു മുന്നറിയിപ്പു കൂടെയാണിത്.

# പാചക വാതക വില കുറച്ചു

ന്യൂഡൽഹി : പാചക വാതക വില കുറച്ചു. സിലിണ്ടറിന് 100 രൂപയാണ് കുറച്ചത്. വനിതാ ദിനം പ്രമാണിച്ചാണ് തീരുമാനം. വിലകുറച്ചത് പ്രധാനമന്ത്രിയുടെ നിർദേശ പ്രകരമാണ്. തുടർച്ചയായ രണ്ടാം മാസമാണ് വാണിജ്യാവശ്യത്തിനുള്ള പാചക വാതക വില വർധിപ്പിക്കുന്നത്. എന്നാൽ വനിതാ ദിനത്തോട് അനുബന്ധിച്ചാണ് സിലിണ്ടർ വില കുറക്കാൻ പുതിയ തീരുമാനം വന്നത്.

# ജർമ്മനിയിൽ ഭ്രൂണഹത്യയുടെ അന്ത്യത്തിന് വേണ്ടി പ്രാർത്ഥിച്ച ക്രൈസ്തവർക്ക് നേരെ ആക്രമണം




ഫ്രാങ്ക്ഫർട്ട്: ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ടിൽ ഭ്രൂണഹത്യ അവസാനിക്കാൻ സമാധാനപരമായി പ്രാർത്ഥിക്കുന്ന ആളുകൾക്ക് നേരെ അബോർഷൻ അനുകൂലികൾ ആക്രമണം നടത്തി. ആക്രമണത്തെ അഭിഭാഷകനും 40 ഡേയ്സ് ഫോർ ലൈഫ് ഇന്റർനാഷണലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുമായ ടോമിസ്ലാവ് കുനോവിച്ച് അപലപിച്ചു. ഇന്റർനാഷണൽ പ്ലാൻഡ് പാരന്റ്ഹുഡ് ഫെഡറേഷന്റെ ഓഫീസിൽ നിന്ന ഒരു കൂട്ടം ആളുകളെ ഇരുപതോളം പേർ അടങ്ങുന്ന ഭ്രൂണഹത്യ അനുകൂലികൾ ഭീഷണിപ്പെടുത്തുകയും ഉപദ്രവിക്കുകയുമായിരിന്നുവെന്ന് ടോമിസ്ലാവ് ചൂണ്ടിക്കാട്ടി. പ്രാർത്ഥിക്കാൻ പങ്കെടുക്കുന്നവരുടെ ഒത്തുചേരാനുള്ള അവകാശത്തെയും കേന്ദ്രം സന്ദർശിക്കുന്ന ഗർഭിണികളുടെ സ്വകാര്യതയെയും ഒരുപോലെ മാനിക്കണമെന്നും കോടതികൾ ആവശ്യപ്പെടുന്ന പ്രകാരം നിയമപരമായ രീതിയിലാണ് പ്രാർത്ഥന നടത്തിയതെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കി.

ശാരീരിക ആക്രമണ ഭീഷണി ഉണ്ടായിരുന്നിട്ടും, പ്രാർത്ഥനയിൽ പങ്കുചേർന്നുകൊണ്ടിരിന്നവർ പിരിഞ്ഞുപോകാൻ വിസമ്മതിച്ചു. തലമറച്ചുള്ള ഹൂഡി ധരിച്ച അക്രമികൾ പ്രാർത്ഥിക്കുന്നവരുടെ സമീപത്തെത്തി അവരുടെ നേരെ ആക്രോശിക്കുകയും അവരെ ഉപദ്രവിക്കുകയും പരിഹസിക്കുകയും അപമാനിക്കുകയുമായിരിന്നുവെന്നും ഭീഷണിപ്പെടുത്തലാണ് നടന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. നിരപരാധികളുടെ ജീവൻ അപഹരിക്കുന്നതിനെ ന്യായീകരിക്കാൻ ഭ്രൂണഹത്യ അനുകൂലികൾ സ്ഥിരമായി ഉപയോഗിക്കുന്ന പൊതു മുദ്രാവാക്യമായ 'മൈ ബോഡി മൈ ചോയ്സ്' എന്ന മുദ്രാവാക്യം അവർ സമീപത്ത് ഇംഗ്ലീഷിൽ എഴുതിയിരിന്നു.

സംഭവത്തിൽ പോലീസ് കൃത്യമായ ഇടപെടൽ നടത്തിയില്ലായെന്നു ടോമിസ്ലാവ് കുനോവിച്ച് ആരോപിച്ചു. പോലീസ് എത്താൻ ഏകദേശം 20 മിനിറ്റ് എടുത്തു. എന്താണ് സംഭവിക്കുന്നതെന്ന് പരിശോധിക്കുന്നതിനും സംശയിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനും പകരം പോലീസ് ഇരകളെ ശാസിക്കുകയാണ് ചെയ്തത്. പ്രോലൈഫ് പ്രവർത്തകർക്ക് നേരെയുള്ള കയ്യേറ്റം തുടർന്നു. ബലപ്രയോഗം, ഭീഷണി, വിദ്വേഷം വളർത്തൽ, അപമാനിക്കൽ, സ്വത്ത് നശിപ്പിക്കൽ, മോഷണം, നിയമപരമായ സമ്മേളനം തടസ്സപ്പെടുത്തൽ, എന്നി കുറ്റകൃത്യങ്ങൾക്കു അടിസ്ഥാനപരമായ തെളിവുകളുണ്ടെങ്കിലും സംഭവത്തിന്റെ വീഡിയോ റെക്കോർഡിംഗുകൾ ഉണ്ടായിട്ടും പോലീസ് നടപടി സ്വീകരിച്ചില്ലായെന്ന് അദ്ദേഹം പറയുന്നു. 'നീ കൊല്ലരുത്' എന്ന ദൈവിക കൽപ്പനയെ കുറിച്ച് ഓർമിപ്പിക്കുന്ന ക്രൈസ്തവരുടെ മനസ്സാക്ഷിയെ നിശബ്ദമാക്കാനാണ് ആഗ്രഹമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# നല്ല വായുവും വെള്ളവും ജനങ്ങളുടെ അവകാശം; സുപ്രധാന നിരീക്ഷണവുമായി സുപ്രീംകോടതി

ഡൽഹി: രോഗമില്ലാതെ ജീവിക്കാൻ നല്ല വായുവിനും വെള്ളത്തിനും ജനങ്ങൾക്ക് അവകാശമുണ്ടെന്ന് വ്യക്തമാക്കി സുപ്രീംകോടതി. തമിഴ്നാട് തൂത്തുക്കുടിയിൽ വേദാന്ത ഗ്രൂപ്പിന്റെ സ്റ്റെർലൈറ്റ് കോപ്പർ യൂനിറ്റ് പൂട്ടാനുള്ള മദ്രാസ് ഹൈകോടതി വിധി ശരിവെച്ചുള്ള ഉത്തരവിലാണ് ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് ഇക്കാര്യം വ്യക്തമാക്കിയത്. അതേസമയം ആദ്യം തന്നെ വ്യവസായ സ്ഥാപനം പൂട്ടിക്കുക എന്നതല്ല നയം. ചട്ടലംഘനവും നിരന്തരം പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചതും അധികൃതരെയും മദ്രാസ് ഹൈകോടതിയെയും ഇത്തരമൊരു തീരുമാനത്തിലേക്ക് എത്തിക്കുകയായിരുന്നുവെന്നും കോടതി ചൂണ്ടിക്കാട്ടി. അന്തരീക്ഷ മലിനീകരണം കാരണം 2018ലാണ് തൂത്തുക്കുടിയിലെ വേദാന്ത ഗ്രൂപ്പിന്റെ കമ്പനി സർക്കാർ പൂട്ടിച്ചത്.

# പ്രാർത്ഥനാസംഗമം ഒരുക്കുന്ന ഉപവാസപ്രാർത്ഥന

ഷാർജ : പ്രാർത്ഥനാസംഗമം ഒരുക്കുന്ന ഉപവാസ പ്രാർത്ഥന മാർച്ച് 9 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെ (യു. എ. ഇ സമയം ) ഗോഡ്സ് ഓൺ ഇവന്റ് മാനേജ്മെന്റ് ഹാൾ നമ്പർ :2, സമ റെസിഡൻസ് നിയർ അൽ മുള്ള പ്ലാസ (സ്റ്റേഡിയം മെട്രോ സ്റ്റേഷന് അടുത്ത്) വച്ച് നടക്കും. പാസ്റ്റർ മനോജ് സി. ടി, ബിഹാർ, പാസ്റ്റർബാബു ജോർജ്, പത്തനാപുരം എന്നിവർ ദൈവ വചനം ശ്രുശൂഷിക്കുകയും പാസ്റ്റർ ജയ്‌ലാൽ ലോറൻസ്, പാസ്റ്റർ ബിനു ജോസഫ്, ബ്രദർ ബിനോയ് ലൂക്കാസ്, എന്നിവർ ആരാധനക്ക് നേതൃത്വം നൽകും. രാജ്യങ്ങൾക്ക് വേണ്ടിയും മറ്റുള്ളവരെ വിഷയങ്ങൾക്ക് വേണ്ടിയും ഉള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകും. Zoom മീറ്റിംഗ് ID 332 242 5551 Passcode: 2020

# ഐ.പി.സി ഷാർജ സഭക്ക് പുതിയ ഭരണ സമിതി

ഷാർജ: ഇന്ത്യ പെന്തെക്കോസ്ത് ദൈവ സഭ ഷാർജ സഭക്ക് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു. സഭാ ശുശ്രൂഷകൻ പാസ്റ്റർ. ബെന്നി പി.യൂ വിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ഐ .പി .സി ഷാർജാ സഭയുടെ 2024 ലേക്കുള്ള ഭരണ സമിതിയെ തിരഞ്ഞെടുത്തു സഹോദരന്മാരായ വി .എം വർഗീസ്, അലക്സ്. എൻ . ജേക്കബ് വൈസ് പ്രസിഡന്റുമാർ, സാം വി. മാത്യു (സെക്രട്ടറി), സ്റ്റാൻലി ജോൺ (ജോയിന്റ് സെക്രട്ടറി), ജിബു ചെറിയാൻ (ട്രെഷറർ), നിബു മാത്യു (ജോയിന്റ് ട്രെഷറർ), എന്നിവർ അടങ്ങുന്ന എക്സിക്യൂട്ടീവ് സമിതിക്ക് പുറമെ, സജി. കെ ജി, സെനു വർഗീസ്,ലോർഡ്സൺ മാത്യു, സാംസൺ, ജോസഫ് വഞ്ഞിപ്പുഴ, ജോജി പി. മാത്യു എന്നിവർ അടങ്ങുന്ന കമ്മറ്റിയും നിലവിൽ വന്നു.

# ക്രിസ്തു എന്നും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ അത്താണി: റവ. ബാബു ജോൺ

ഡൽഹി : സമൂഹം അസ്പൃശ്യത കൽപ്പിച്ച് അകറ്റി നിർത്തിയിരുന്നവരെ മാറോട് ചേർത്തണച്ചതാണ് ക്രിസ്തുവിന്റെ സ്നേഹമെന്ന് റവ. ബാബു ജോൺ പ്രസ്താവിച്ചു. ഗ്രേയ്റ്റർ നോയിഡയിൽ നടന്നു കൊണ്ടിരിക്കുന്ന ഹാർവെസ്റ്റ് മിഷൻ ഫെസ്റ്റിവലിന്റെ നാലാം ദിവസം സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രിസ്തു സമൂഹം അകറ്റി നിർത്തുന്നവരോട് കൂടെയാണ് എക്കാലവും. സഭയുടെ ദൗത്യവും അവഗണിക്കപ്പെട്ടവരെ ചേർത്തുപിടിക്കുക എന്നതാണ്. എന്നാൽ ഈ ദൗത്യത്തിൽ നിന്നും സഭ പിന്നാക്കം പോയി എന്നത് ദുഃഖകരമാണ്. യേശുക്രിസ്തു സഭ പണിയുന്നത് നമ്മിലോരോരുത്തരിലൂടെയാണെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു. ഈ ചെറിയവരിൽ ഒരാൾക്ക് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്ക് ചെയ്തു എന്നാണ് ക്രിസ്തു പക്ഷം. അതു ഉൾക്കൊള്ളാൻ ക്രിസ്തുശിഷ്യന്മാർക്ക് ആർദ്രതയുള്ള ഒരു ഹൃദയം ഉണ്ടാകണം.

ചേരികളിലേക്കും അശരണരുടേയും ആലംബഹീനരുടെയും സമീപത്തേക്കും നാം കടന്നു ചെല്ലേണ്ടിയിരിക്കുന്നു. പണം ഒരിക്കലും ശാശ്വതമായി നിലനിൽക്കുന്നതല്ല. ആരോഗ്യവും പണവും നഷ്ടപ്പെടുമ്പോൾ മരിച്ച മനുഷ്യരെപ്പോലെ നാം വിസ്മൃതിയിൽ ആണ്ടുപോകും. സഭ അഭിവൃദ്ധി പ്രാപിക്കുമ്പോഴാണ് നമുക്കെതിരെ ശത്രുക്കളുടെ ഉപദ്രവം ഉണ്ടാകുന്നത്. സഭ ഒരു യുദ്ധക്കപ്പലിന് സമാനമാണ്. സഭ സമൂഹത്തിന് വേണ്ടി സദാ ജാഗരൂഗമായിരിക്കണം. അവരെ നന്മയിലേക്ക് നയിക്കാൻ ശ്രമിക്കുമ്പോൾ മറ്റ് മതങ്ങളെ പ്രകോപിപ്പിക്കരുത്. ആത്മഹത്യയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും സാമ്പത്തിക പരാധീനതകളിൽ നിന്നുമൊക്കെ വ്യക്തികളെ രക്ഷിക്കേണ്ട ചുമതല നമുക്കാണ്. ഇതിനിടയിൽ ശത്രു കെട്ടുന്ന യെരിഹോ മതിലുകൾ ഇടിച്ചു കളയാനുള്ള ആത്മ നിയോഗം ദൈവം നമുക്ക് നൽകും. അതുകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉയർത്തിയെടുക്കാനുള്ള ശ്രമം നാം തുടർന്നുകൊണ്ടിരിക്കണമെന്ന് അദ്ദേഹം സദസിനെ ഓർമ്മിപ്പിച്ചുകൊണ്ടാണ് പ്രസംഗം ഉപസംഹരിച്ചത്. പാസ്റ്റർ സിജു മൊഴിമാറ്റം നടത്തി. ഞായറാഴ്ച നടക്കുന്ന ആരാധനയോടും കോളജിന്റെ ബിരുദദാന സമ്മേളനത്തോടും കൂടി ഹാർവെസ്റ്റ് ഫെസ്റ്റിവൽ അവസാനിക്കും.

# ബൈക്ക് അപകടം; റാന്നിയിൽ വിദ്യാർത്ഥി മരിച്ചു



തിരുവല്ല: ഐപിസി തിരുവല്ല ടൗൺ സഭാംഗം പ്രെസ്ലി ഷിബു ഫിലിപ്പ് (21) ബൈക്ക് അപകടത്തിൽ നിത്യതയിൽ പ്രവേശിച്ചു. വലിയകാവ് കോയിത്തോടത്ത് ഷിബു കെ ഫിലിപ്പിന്റെയും ഫ്രനിയുടെയും ഏക മകനാണ് പ്രെസ്ലി. എഞ്ചിനീയറിങ് വിദ്യാർത്ഥിയായ പ്രെസ്ലി സജീവ പി.വൈ.പി.എ പ്രവർത്തകനായിരുന്നു. റാന്നി ചെട്ടിമുക്കിൽ വെച്ചായിരുന്നു സംഭവം. പ്രസ്ളി സഞ്ചരിച്ചിരുന്ന ബൈക്കിൽ ജെസിബി വന്നിടിക്കുകയായിരുന്നു.

# യേശു വഴിയും സത്യവും ജീവനുമാകുന്നു എന്നു കാറിൽ സ്റ്റിക്കർ പതിച്ചതിന് ഡ്രൈവർക്ക് പിഴ ചുമത്തി




ബർലിൻ: ജർമ്മനിയിലെ എസ്സനിലുള്ള ഒരു ടാക്സി കാർ ഡ്രൈവർ തന്റെ വാഹനത്തിൽ യേശു വഴിയും സത്യവും ജീവനുമാകുന്നു എന്ന വാക്യം പ്രദർശിപ്പിച്ചതിനെതിരായി പിഴ ചുമത്തപ്പെട്ടു. നഗരത്തിൽ നിയമവിരുദ്ധമായ മതപരമായ പരസ്യങ്ങൾ എന്നു പറഞ്ഞാണ് ജലീൽ മഷാലിയെന്ന ഡ്രൈവർക്ക് എസ്സെൻ റോഡ് ട്രാഫിക് അതോറിട്ടിയിൽ നിന്ന് പിഴയിട്ടത്. മഷാലി തന്റെ വാഹനത്തിൽ ബൈബിൾ വചന വാക്യങ്ങൾ സ്റ്റിക്കറായി ഉപയോഗിച്ചിരുന്നു.

ഇതേത്തുടർന്നു ട്രാഫിക് അതോറിട്ടി ഒരു നോട്ടീസ് അയച്ചു. സ്റ്റിക്കർ മാറ്റിയില്ലെങ്കിൽ 1000 യൂറോ (1065 ഡോളർ) പിഴ ചുമത്തുമെന്ന് ഭീഷണിപ്പെടുത്തി. എന്നാൽ മഷാലി സ്റ്റിക്കർ മാറ്റാൻ തയ്യാറായില്ല. ഇത് പിഴയും ഫീസും മൊത്തം 8850 യൂറോയായി പിഴ ചുമത്തി. പരസ്യമല്ല തന്റെ ബോധ്യങ്ങളുടെ പ്രകടനമാണ് സ്റ്റിക്കറെന്ന് മഷാലി പറയുന്നു.

തന്റെ വിശ്വാസത്തിൽ ഊന്നിയാണ് ചെയ്തതെന്ന് വാദിച്ച് എഡിഎഫ് ഇന്റർനാഷണൽ എന്ന ക്രിസ്ത്യൻ സംഘടനയുടെ സഹായത്തോടെ പിഴ ചുമത്തിയ നടപടിയ്ക്കെതിരെ മഷാലിയുടെ നിയമ പോരാട്ടം തുടരുന്നു . ഇറാനിൽ ഒരു ഇസ്ളാംമത വിശ്വാസ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട മഷാലി ഇറാനിൽനിന്ന് താമസം മാറി 22 വർഷമായി ജർമ്മനിയിൽ താമസിച്ചു വരികയാണ്.

# നൂറു ശതമാനം സ്കോളർഷിപ്പോടെ കെവിൻ ഗവേഷണത്തിനായി യിസ്രായേലിലേക്ക്



പാമ്പാടി : ക്യാൻസർ ഗവേഷണത്തിനായി ലൗട്ടൻബർഗ് സെന്റർ ഫോർ ഇമ്യൂണോളജി ആൻഡ് ക്യാൻസർ റിസേർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ റിസേർച്ച് യിസ്രായേൽകാനഡ ഫാക്കൾട്ടി ഓഫ് മെഡിസിൻ, ഹഡാസാ മെഡിക്കൽ സ്കൂൾ, ഹീബ്രൂ യൂണിവേഴ്സിറ്റി ഓഫ് യെരുശലേമിൽ നിന്ന് ഫുള്ളി ഫണ്ടെഡ് സ്കോളർഷിപ്പ് ലഭിച്ച കെവിൻ ഫിലിപ് സാബു പഠനത്തിനായി ഈ മാസം 12ന് പുറപ്പെടുന്നു. പാമ്പാടി ഇടിമാരിയിൽ കുടുംബാഗമാണ് കെവിൻ. സാബു എബ്രഹാം, ഷേർലി സാബു ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ സ്റ്റെഫിൻ, ഫെബിൻ. മദ്രാസ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലൈഫ് സയൻസ് എം എസ് സി സുവോളജിയിൽ ഒന്നാം റാങ്ക് നേടിയ കെവിനെ മദ്രാസ് അണ്ണാ യൂണിവേഴ്സിറ്റിയിൽ ഇന്ത്യൻ രാഷ്ട്രപതി ദ്രൗപതി മുർമു ആദരിച്ചിരുന്നു. പിവൈപിഎ, സൺഡേ സ്കൂൾ സജീവ അംഗമായ കെവിൻ അനേക വർഷങ്ങളായി തന്നെ നിരവധി സമ്മാനങ്ങൾ വാങ്ങുകയും വ്യക്തികത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.ഐപിസി പാമ്പാടി സെന്ററിൽ പാമ്പാടി ബെഥേൽ സഭാഗമാണ് കെവിൻ.

# ഗസയിൽ തുറമുഖം നിർമിക്കാൻ യുഎസ് സൈന്യത്തിന് ഉത്തരവ് നൽകി ബൈഡൻ



ഗാസ : ഗസയിൽ യു.എസ് സൈന്യം പുതിയ തുറമുഖം സ്ഥാപിക്കുമെന്ന് റിപ്പോർട്ടുകൾ. ഗസയിലെ മെഡിറ്ററേനിയൻ തീരത്താണ് തുറമുഖം സ്ഥാപിക്കുന്നതു. ഗസയിലേക്ക് സഹായം എത്തിക്കുന്നതെന്നാണ് യു.എസ് തുറമുഖം നിർമിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ.

ഗസയിൽ ഒരു തുറമുഖം സ്ഥാപിക്കുന്നതിനായുള്ള അടിയന്തര ദൗത്യം ഏറ്റെടുക്കുന്നതിനായി യു.എസ് സൈന്യത്തിന് നിർദ്ദേശം നൽകിയെന്നാണ് ജോ ബൈഡൻ സ്റ്റേറ്റ് ഓഫ് യൂണിയൻ പ്രസംഗത്തിൽ അറിയിച്ചത്. സമാന ചിന്താഗതിക്കാരായ രാജ്യങ്ങളുമായി സഹകരിച്ചുകൊണ്ട് കൂടുതൽ പ്രദേശങ്ങളിലേക്ക് മാനുഷിക സഹായം എത്തിക്കാനാണ് ഈ ഓപ്പറേഷൻ ലക്ഷ്യമിടുന്നതെന്നും ഉദ്യോഗസ്ഥൻ പറഞ്ഞു.

തുറമുഖത്തിന്റെ സുരക്ഷ യിസ്രായേലുമായി യു.എസ് ഏകോപിപ്പിക്കുമെന്നും താൽക്കാലിക തുറമുഖം യുദ്ധത്തിൽ തകർന്ന എൻക്ലേവിലെ ഫലസ്തീനികൾക്കുള്ള മാനുഷിക സഹായത്തിനായി വർധിപ്പിക്കുമെന്നും ഒരു ഉദ്യോഗസ്ഥർ പറഞ്ഞു. ആക്രമണത്തിൽ ഉടനടി വെടിനിർത്തൽ നടപ്പാക്കാൻ മൂന്ന് യു.എൻ സുരക്ഷാ കൗൺസിൽ പ്രമേയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

# ഐ പി സി റാന്നി ഈസ്റ്റ് സെന്റർ ശതാബ്ദി കൺവൻഷൻ

റാന്നി : ഇന്ത്യ പെന്തകോസ് ദൈവസഭ റാന്നി ഈസ്റ്റ് സെന്റർ ശതാബ്ദി കൺവെൻഷൻ മാർച്ച് 31 മുതൽ ഏപ്രിൽ 7 വരെ റാന്നി പെനിയേൽ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു. റാന്നി ഈസ്റ്റ് സെന്റർ മിനിസ്റ്റർ പാ. വർഗീസ് എബ്രഹാം അധ്യക്ഷത വഹിക്കുന്ന ശുശ്രൂഷയിൽ റാന്നി വെസ്റ്റ് സെന്റർ മിനിസ്റ്റർ പാ. സി. സി. എബ്രഹാം ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ പാ കെ. സി. തോമസ്, ഡോ. വർക്കി എബ്രഹാം കാച്ചാണത്ത്, പാ. തോമസ് ഫിലിപ്പ്,പാ. തോമസ് മാമൻ, പാ. ഷാജി എം. പോൾ, പാ. സാം കുമരകം, പാ. അനീഷ് ഏലപ്പാറ, പാ. റെജി ശാസ്താംകോട്ട, പാ. റിജിൽ കോതമംഗലം, പാ. ജോൺസൺ കുണ്ടറ, പാ. ബെന്നി ജോൺ കൊട്ടാരക്കര, പാ. ബിജു മാത്യു, പാ. അഭിമന്യു അർജുനൻ, സിസ്റ്റർ. സ്റ്റാർല ലുക്ക് എന്നിവർ പ്രസംഗിക്കും. സെന്റർ ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകുന്ന കൺവെൻഷനിൽ പി വൈ പി എ, സൺഡേ സ്കൂൾ, വുമൺസ് ഫെലോഷിപ്പ് വാർഷിക സമ്മേളനങ്ങൾ ഇതോടനുബന്ധമായി നടക്കുന്നതാണ്. ഏപ്രിൽ 7 ഞായറാഴ്ച സംയുക്ത ആരാധനയോട് കൂടെ കൺവെൻഷൻ സമാപിക്കും.



# ഞാൻ ഉറങ്ങുമ്പോൾ കട്ടിലിൽ ഒരു കരച്ചിൽ കേട്ടു

## റവ.ജോർജ് മാത്യു പുതുപ്പള്ളി

ഒരു ഗ്രാമത്തിനപ്പുറത്തേക്കു പോലുമുള്ള പ്രശസ്തിയില്ലെങ്കിലും ഇന്ന് ഞാൻ ആദ്യമായി ഓർക്കുന്നത് എന്റെ അമ്മയെയായിരിക്കും.
'അമ്മ' എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇന്നുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.
സ്നേഹത്തിന്റെ മഹാപർവതമെന്നോ വാത്സല്യത്തിന്റെ കൊടുമുടിയെന്നോ വിശേഷിപ്പിച്ചാലൊന്നുംഅതിന്റെ അർത്ഥം പൂർണ്ണമാകില്ല.

കാൽവറിക്രൂശിന്റെ ചുവട്ടിൽ യേശുകർത്താവിനെ കാണാനെത്തിയ സ്നേഹസമ്പന്നായയേശുവിന്റെ അമ്മ മറിയയെ നമുക്ക് ഓർക്കാതിരിക്കാൻ കഴിയുമോ ?

അമ്മയെ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്ന കവിയായിരുന്നു വയലാർ രാമവർമ. അദ്ദേഹം തന്റെ അമ്മയെ വിശേഷിപ്പിച്ചത് ' ഏറ്റവും വലിയ ശ്രീകോവിലായിട്ടാണ്.' മാക്സിം ഗോർക്കിയുടെ പ്രശസ്തമായ നോവലിന്റെ പേരും 'അമ്മ' എന്നാണ്.

ഞാൻ ധരിച്ചിരുന്നത് അമ്മയെ ലോകത്തിൽ ഏറ്റവുംസ്നേഹിച്ചിരുന്ന മകൻ ഞാനാണെന്നായിരുന്നു.
എന്നാൽ പിന്നീട് എനിക്കു മനസിലായി ലോകത്തിലെ ഒട്ടുമിക്കമക്കളും ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അവരുടെ അമ്മമാരെയാണെന്ന്.മക്കളെ സ്നേഹിക്കാത്ത അമ്മമാരെയും,മക്കൾ സ്നേഹിക്കാത്ത അമ്മമാരെയും വളരെ അപൂർവമായി ഞാൻ കണ്ടിട്ടുണ്ട്.
അതിനുള്ള കാരണം മനുഷ്യ മനസുകൾക്ക് ദുർഗ്രഹമാണ്.

അമ്മയുടെ സ്നേഹത്തിന്റെ ആഴം വർണിക്കാൻ വാക്കുകളില്ല.ചില പേടമാനുകൾ സിംഹത്തിന്റെ വായിൽനിന്ന് തന്റെ കുഞ്ഞുങ്ങളെ രക്ഷിക്കാൻ കുഞ്ഞുങ്ങളെയെല്ലാം ബുദ്ധിപൂർവം ഓടിച്ചുവിട്ടിട്ട് സിംഹത്തിന്റെ വായിലേക്കു സ്വയം ചാടിവീഴുന്ന കാഴ്ച 'അനിമൽ പ്ലാനറ്റ്' ചാനലിൽ ഞാൻ കണ്ടിട്ടുണ്ട്. സിംഹത്തിന് അമ്മയെയോ കുഞ്ഞിനെയോ ആരെയെങ്കിലും കിട്ടിയാൽ മതി.
അമ്മയെ സിംഹം കടിച്ചുകുടയുമ്പോൾ സ്നേഹത്തോടെ മക്കളെ നോക്കുന്ന പേടമാനെക്കണ്ട് എന്റെ കണ്ണുകൾ നനഞ്ഞിട്ടുണ്ട്.

മാതൃസ്നേഹത്തിന്റെ ആഴം വർണിക്കാൻ എന്നെ പ്രേരിപ്പിച്ച മറ്റൊരു ഉദാഹരണം ആഫ്രിക്കൻ വനാന്തരത്തിൽ കാണുന്ന ഒരു തരം കൂറ്റൻ പെൺചിലന്തികളാണ്.
ഈ ചിലന്തികളെക്കുറിച്ച് ചില വർഷങ്ങൾക്കു മുമ്പ് ഞാൻ 'മലയാള മനോരമ സൺഡേ സപ്ലിമെന്റിൽ' ഒരു ലേഖനം എഴുതിയിരുന്നു. എട്ടുകാലിക്കുഞ്ഞുങ്ങൾക്കുമുകളിൽ അടയിരുന്ന് ശത്രുക്കളിൽനിന്നും അവയെ രക്ഷിക്കുന്ന തള്ളച്ചിലന്തി ഒടുവിൽ സ്വയം അവയ്ക്കു ഭക്ഷണമായിത്തീരുകയാണ്. കുഞ്ഞുങ്ങൾ തന്റെ പച്ചമാംസം പിച്ചിച്ചീന്തിത്തിന്നുമ്പോഴും രക്തം ഊറ്റിക്കുടിക്കുമ്പോഴും വേദന കടിച്ചുപിടിച്ച് അമ്മ മക്കൾക്ക് ഭക്ഷണമായി സ്വയം മാറുകയാണ്.

ഇതുപോലെയൊരു പെൺചിലന്തിയായിരുന്നു എന്റെ അമ്മ. മക്കൾക്കുവേണ്ടി മാത്രം ജീവിച്ച ഒരു സ്വാധി. അമ്മ അമ്മയ്ക്കുവേണ്ടി ജീവിക്കുന്നത് ഒരു നിമിഷംപോലും മക്കളായ ഞങ്ങൾ കണ്ടിട്ടില്ല. മക്കളുടെ ദുഃഖം സ്വന്തം ദു:ഖമായും മക്കളുടെ സന്തോഷം തന്റെ സന്തോഷമായും മാത്രം കണ്ട ഒരു പാവം സ്ത്രീ. അവർ പ്രാർത്ഥിച്ചതു മുഴുവൻ മക്കളുടെ ആയുസിനും ആരോഗ്യത്തിനും വേണ്ടിയായിരുന്നു.
അവർ ജീവിച്ചതു മുഴുവൻ മക്കളുടെ നന്മ കണ്ടു സന്തോഷിക്കുവാനായിരുന്നു. എട്ടു വയസിൽ പിതാവ് നഷ്ടപ്പെട്ട എന്നെയും സഹോദരങ്ങളെയും അവർ പെൺചിലന്തിയെപ്പോലെ സംരക്ഷിച്ചില്ലായിരുന്നെങ്കിൽ ഒരുപക്ഷെ ഈ വാക്കുകൾ കുത്തിക്കുറിക്കുവാൻ ഞാൻ ഈ ഭൂമുഖത്ത് ഉണ്ടാകുമായിരുന്നില്ല.
മൺകുടം പൊട്ടിച്ചിതറുന്നതുപോലെ ഞങ്ങൾ എന്നേ പൊട്ടിച്ചിതറുമായിരുന്നു. അതിന് ഇടയാക്കാതിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട പെൺചിലന്തീ, മരണംവരെയും നിങ്ങൾക്ക് ഞങ്ങളുടെ മനസിൽ മറ്റാരെക്കാളും അധികം സ്ഥാനമുണ്ട്. മാതാപിതാക്കളെ അവഗണിക്കുകയും വൃദ്ധമന്ദിരങ്ങളിൽ അടയ്ക്കുകയും ചെയ്യുന്ന മക്കളോടും പ്രത്യയശാസ്ത്രങ്ങളോടും ഞങ്ങൾക്ക് ഉള്ളിൽ പരമപുച്ഛമാണുള്ളത്.

അഞ്ചാം ക്ളാസിൽ പഠിക്കുമ്പോൾ പുതുപ്പള്ളി രാധാടാക്കീസിൽ സിനിമ കാണാൻ പോയ എന്നെ തിയറ്ററിൽ നിന്നും പിടിച്ചിറക്കി പുതുപ്പള്ളി കവല മുതൽ വീടുവരെ ഈ പെൺചിലന്തി തല്ലിച്ചതച്ചു. എന്റെ ശരീരം അടി കൊണ്ട് പൊട്ടി ചോരയൊഴുകി.
കരഞ്ഞു തളർന്ന് രാത്രിയിൽ ഞാൻ ഉറങ്ങുമ്പോൾ കട്ടിലിൽ ഒരു കരച്ചിൽ കേട്ടു. നോക്കുമ്പോൾ എന്റെ മുറിപ്പാടുകളിൽ എണ്ണ പുരട്ടി യേശുവിനോട് കരഞ്ഞു പ്രാർത്ഥിക്കുന്ന ഈ അമ്മച്ചിലന്തിയെയാണ് കണ്ടത്. ഉറക്കമുണർന്നിട്ടും ഉറങ്ങുന്ന ഭാവത്തിൽ ഞാൻ ഉറക്കം നടിച്ചു കിടന്നു.
അപ്പോഴും ഈ തള്ളച്ചിലന്തിയുടെ മാതൃസ്നേഹത്തേക്കുറിച്ചോർത്ത് എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇല്ല, ഭൂമിയിലെ ജീവികളിൽ അമ്മയുടെയത്ര നിർമലസ്നേഹം പുലർത്തുന്ന മറ്റൊരു ജീവിയെ ഞാൻ ഇന്നുവരെ കണ്ടിട്ടില്ല.

എന്തുകിട്ടിയാലും കൃത്യം നാലായി പകുത്ത് ഞങ്ങൾ നാലു മക്കൾക്ക് പങ്കു വച്ചു തന്നിരുന്ന തള്ളച്ചിലന്തി.
ഞങ്ങളുടെ വയർ നിറയുന്നതു കണ്ട് സംതൃപ്തിയടഞ്ഞിരുന്ന അമ്മച്ചിലന്തി. മക്കളെ സ്നേഹിക്കുന്നതിനു തുല്യം മരുമക്കളെ സ്നേഹിച്ചിരുന്ന അമ്മായിയമ്മച്ചിലന്തി.
ഞാൻ കണ്ടതിൽവച്ചേറ്റവും ബുദ്ധിശക്തിയും ഭക്തിയുമുണ്ടായിരുന്ന ഞങ്ങളുടെ അമ്മച്ചിലന്തി. ഇന്നു ഞങ്ങൾ ആരോഗ്യത്തോടെ ജീവിച്ചിരിക്കുന്നതുപോലും അമ്മച്ചിലന്തി ഞങ്ങൾക്കു വേണ്ടിയൊഴുക്കിയ കഠിനാദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലം കൊണ്ടാണ്.

അതിലൊക്കെ ഉപരിയായി യേശുവിനെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്ന അമ്മച്ചിലന്തി. ആരെല്ലാം കൈവിട്ടാലും യേശുകർത്താവ് കൈവിടില്ലെന്ന് നാഴികയ്ക്ക് നാൽപതു വട്ടം ഞങ്ങളുടെ ചെവിയിൽ മന്ത്രിച്ചിരുന്ന പെൺചിലന്തി. മറ്റാരേക്കാളും അധികം യേശുവിനെ സ്നേഹിക്കണമെന്ന് ഞങ്ങളെ പഠിപ്പിച്ച അമ്മച്ചിലന്തി. ചോരയും നീരും മാംസവും ഞരമ്പും ത്വക്കും പ്രാണനും മക്കളായ ഞങ്ങൾക്ക് ഭക്ഷണമായി നൽകി ജീവിതം മുഴുവൻ ഞങ്ങൾക്കായി ഹോമിച്ച ഞങ്ങളുടെ സ്നേഹച്ചിലന്തിയെ സ്വർഗത്തിൽ വരുമ്പോൾ കാണാൻ കഴിയുമെന്നുള്ള ചിന്ത ഞങ്ങളുടെ ഹൃദയങ്ങളിൽ ആഹ്ലാദപ്പൂമഴ പെയ്യിക്കുന്നു

# എക്സൽ വി ബി എസ് മാസ്റ്റേഴ്സ് ട്രയിനിംഗ്

ബാംഗ്ലൂർ : എക്സൽ വി.ബി.എസ് മാസ്റ്റേഴ്സ് ട്രയിനിംഗ് മാർച്ച് 9 ന് കൊത്തന്നൂർ റൺ ഫെലോഷിപ്പ് ചർച്ച് ഹാളിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. കുട്ടികൾക്കിടയിലെ പ്രവർത്തനങ്ങൾക്ക് തൽപ്പരരായ സഹോദരി സഹോദരൻമാർക്ക് മാസ്റ്റേഴ്സ് ട്രയിനിംഗിൽ പങ്കെടുക്കാം.എ ഐ ജെൻ എന്നതാണ് ഈ വർഷത്തെ തീം. കർണ്ണാടകയിലെ വി.ബി.എസ് പ്രവർത്തനങ്ങൾക്ക് ദീർഘ വർഷങ്ങളായി മുൻനിരയിൽ നിന്ന് പ്രവർത്തിക്കുന്ന പാസ്റ്റർ ഐസക് തര്യന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സമ്മേളനം കർണ്ണാടക യുണൈറ്റഡ് പെന്തക്കോസ്ത് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി തോമസ് ഉദ്ഘാടനം ചെയ്യും. എക്സൽ മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ അനിൽ ഇലന്തൂർ ട്രയിനിംഗിന് നേതൃത്വം നൽകും.

# എപ്പോഴും യുദ്ധത്തിനു തയ്യാറായിരിക്കണം: രാജ്നാഥ് സിങ്



ന്യൂഡൽഹി: സമാധാന കാലത്ത് അടക്കം എല്ലാ സമയത്തും ഇന്ത്യ യുദ്ധത്തിനു തയ്യാറായിരിക്കണമേന്ന് പ്രതിരോധമന്ത്രി രാജ്നാഥ് സിങ്.
ആരെങ്കിലും കരയിൽ നിന്നോ വായുവിൽ നിന്നോ കടലിൽ നിന്നോ ഇന്ത്യയെ ആക്രമിച്ചാൽ നമ്മുടെ സൈന്യം ശക്തമായി പ്രതികരിക്കുമെന്നും മന്ത്രി പറഞ്ഞു. പ്രമുഖ ടെലിവിഷൻ ചാനലായ എൻഡിടിവി സംഘടിപ്പിച്ച പ്രതിരോധ ഉച്ചകോടിയിൽ സംസാരിക്കുകയായിരിക്കുന്നു മന്ത്രി. ഒരു രാജ്യത്തേയും ഇന്ത്യ ആക്രമിച്ചിട്ടില്ല. ആരുടേയും ഒരിഞ്ചു ഭൂമിയിയും കൈവശപ്പെടുത്തിയിട്ടില്ല. പക്ഷേ, ആരേങ്കിലും ഇന്ത്യയെ ആക്രമിച്ചാൽ ഉചിതമായ തിരിച്ചടി നൽകാവുന്ന സ്ഥിതിയിലാണു നമ്മൾ. മന്ത്രി പറഞ്ഞു. കാശ്മീരിലും ലഡാക്കിലും വടക്കു കിഴക്കൻ മേഘലയിലും ചൈനയുമായുള്ള സംഘർഷം തുടരുന്നതിന്റെ പശ്ചാത്തലത്തിലാണ് രാജ്നാഥ് സിംഗിന്റെ പ്രസ്താവന

# ഭക്ഷ്യ സുരക്ഷാ പരിശോധന കർശനമാക്കി ദുബായ്




ദുബായ് : റമദാനെ വരവേൽക്കാൻ വേണ്ടി ഒരുക്കങ്ങൾ പൂർത്തിയാക്കികൊണ്ടിരിക്കുകയാണ് ദുബായ്. ഭക്ഷ്യ സുരക്ഷയ്ക്കും പൊതുജനാരോഗ്യ സംരക്ഷണത്തിനുമായി വിവിധ തരത്തിലുള്ള പദ്ധതികൾ ആണ് ദുബായ് പ്രഖ്യാപിച്ചിരിക്കുന്നത്. ദുബായ് മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ആണ് പരിപാടികൾ നടക്കുന്നത്. റമാദാൻ എത്തുമ്പോൾ ചില സാധനങ്ങൾക്ക് വില വർധിക്കും. എന്നാൽ സാധനങ്ങളുടെ അധിക വില വർധനവ് തടയാൻ വേണ്ടിയുള്ള നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു. വാണിജ്യ കേന്ദ്രങ്ങൾ, ദുബായ് മാർക്കറ്റുകൾ, ഹോട്ടലുകൾ, സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ,സൗകര്യങ്ങൾ എന്നിവയെല്ലാം വിലയിരുന്നുന്നുണ്ട്. സലൂണുകൾ, ബ്യൂട്ടി സെൻററുകൾ, പുകവലി ഏരിയകൾ, ഗെയിമുകൾ ദുബായിലെ ലേബർ സിറ്റികൾ, കമ്മ്യൂണിറ്റി മാർക്കറ്റുകൾ എന്നിവയിലേക്കും പരിശോധന വ്യാപിപ്പിക്കും.

പൊതുജനാരോഗ്യം, ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നുണ്ടോയെന്ന് മുനിസിപ്പാലിറ്റി പരിശോധിക്കും. ഭക്ഷണം തയ്യാറാക്കൽ, സംഭരണം, പാചകം തുടങ്ങിയ മേഖലകളിൽ അനധികൃതമായി തൊഴിലാളികൾ തൊഴിൽ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കും. ഉടമകളും ജീവനക്കാരും അംഗീകൃതമായ രീതിയിൽ തന്നെയാണോ ഭക്ഷണം പാചകം ചെയ്യുന്നത് എന്നത് സംന്ധിച്ച് പരിശോധന നടത്തും. നിയമം ലംഘിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. ഭക്ഷണം തയ്യാറാക്കുന്ന സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവയിൽ എല്ലാം പരിശോധന നടത്തും. ഹോട്ടലുകൾ, ഹൈപ്പർമാർക്കറ്റുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിരീക്ഷണം ശക്തമാക്കും. അതിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആണ് നടക്കുന്നത്. ദുബായ് മുനിസിപ്പാലിറ്റിയിലെ ഭക്ഷ്യസുരക്ഷാ വിഭാഗം ഡയറക്ടർ സുൽത്താൻ അൽ താഹർ ആണ് പരിശോധനക്കായി നേതൃത്വം നൽകുന്നത്. എമിറേറ്റിലെ എല്ലാ താമസക്കാർക്കും ഏറ്റവും ഉയർന്ന ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നവർ ആണ്. പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം രാജ്യത്ത് താമസിക്കുന്ന എല്ലാവർക്കും ഉറപ്പാക്കുകയാണ് ലക്ഷ്യം.

# കലാശാലയെ കലാപശാലയാക്കിയത് രാഷ്ട്രീയ നേതൃത്വം: ഡോ. പ്രകാശ് പി. തോമസ്




കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സോഷ്യൽ കൺസേൺസ് കമ്മീഷന്റെ നേതൃത്വത്തിൽ തിരുവല്ല കെ എസ് ആർ ടി സി കോർണറിൽ നടത്തിയ സായാഹ്ന ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രകാശ്. കമ്മീഷൻ ചെയർമാൻ റവ . അലക്സ് പി. ഉമ്മൻ അധ്യക്ഷത വഹിച്ചു. റവ. രാജു തോമസ്, ഫാ. കോശി ഫിലിപ്പ്, ലിനോജ് ചാക്കോ, കുര്യൻ ചെറിയാൻ, ബെൻസി തോമസ് എന്നിവർ പ്രസംഗിച്ചു.

ഫോട്ടോ: കലാലയങ്ങളിൽ വർദ്ധിച്ചു വരുന്ന അക്രമ പ്രവണതകൾക്ക് എതിരെ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സോഷ്യൽ കൺസേൺസ് കമ്മീഷന്റെ നേതൃത്വത്തിൽ തിരുവല്ല കെ എസ് ആർ ടി സി കോർണറിൽ നടത്തിയ സായാഹ്ന ധർണ്ണ കെ സി സി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് ഉദ്ഘാടനം ചെയ്യുന്നു. ലിനോജ് ചാക്കോ, റവ.അലക്സ് പി. ഉമ്മൻ, റവ. രാജു തോമസ്, ഫാ. കോശി ഫിലിപ്പ്, ബെൻസി തോമസ്, കുര്യൻ ചെറിയാൻ എന്നിവർ സമീപം

തിരുവല്ല: കലാശാലയെ കലാപശാല ആക്കിയത് രാഷ്ട്രീയ നേതൃത്വമാണെന്നും സിദ്ധാർത്ഥിന്റേതുൾപ്പെടെ കലാശാലകളിൽ നടക്കുന്ന ആൾക്കൂട്ട വിചാരണകൾക്കും ക്രൂരതകൾക്കും രാഷ്ട്രീയ നേതൃത്വത്തിനും അവരുടെ ചട്ടുകങ്ങൾ ആയി പ്രവർത്തിക്കുന്ന അദ്ധ്യാപക വിദ്യാർത്ഥി യൂണിയനുകൾക്കും ഒരുപോലെ ഉത്തരവാദിത്വം ഉണ്ട് എന്നും കേരളാ കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് പ്രസ്താവിച്ചു. കലാലയങ്ങളിൽ വർദ്ധിച്ചു വരുന്ന അക്രമ പ്രവണതകൾക്ക് എതിരെ

# ലോകത്ത് വിശുദ്ധിക്ക് സാക്ഷ്യം നൽകിയ വനിതകളെ സ്മരിച്ച് ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ സിറ്റി: ലോകത്ത് വിശുദ്ധിക്ക് സാക്ഷ്യം നൽകിയ വനിതകളുടെ പ്രാധാന്യം സ്മരിച്ച് ഫ്രാൻസിസ് പാപ്പ. ഇന്നലെ രാവിലെ റോമിൽ 'സ്ത്രീകൾ സഭയിൽ: മനുഷ്യന്റെ ശില്പികൾ' എന്ന പേരിൽ നടന്ന അന്താരാഷ്ട്രസമ്മേളനത്തിൽ സംസാരിക്കുകയായിരിന്നു പാപ്പ. സാമൂഹിക രംഗങ്ങളിൽ സ്ത്രീകൾക്ക് വലിയ പങ്കില്ലാതിരുന്ന സാഹചര്യത്തിൽപ്പോലും ലോകത്ത് നിരവധി സ്ത്രീകൾ തങ്ങളുടെ ജീവിതം കൊണ്ട് വിശുദ്ധിക്ക് സാക്ഷ്യം നൽകിയെന്നും മഗ്ദലന മറിയം, കൽക്കട്ടയിലെ മദർ തെരേസ, ജോസഫ് ബകിത, എലിസബത്ത് ആൻ സെറ്റൺ, മേരി മക്കില്ലോപ്പ്, ലോറ മോണ്ടോയ, കാറ്റേരി ടെകാകിത, റഫ്ക പിയത്ര ചോബോക്ക് അർറേസ്, മരിയ ബെൽട്രേം കാട്രോച്ച് തുടങ്ങിയ വിശുദ്ധരായ സ്ത്രീകൾ ഉദാഹരണമാണെന്നും പാപ്പ പറഞ്ഞു. ഈ സ്ത്രീകളെല്ലാം, വ്യത്യസ്ത കാലങ്ങളിലും വ്യത്യസ്ത സംസ്കാരങ്ങളിലും, ഓരോരുത്തർക്കും അവരുടേതായ വ്യത്യസ്തമായ രീതിയിൽ, ജീവകാരുണ്യ വിദ്യാഭ്യാസ മേഖലകളിലും പ്രാർത്ഥനയിലും ദൈവത്തിന്റെ വിശുദ്ധിയെ എങ്ങനെ പ്രതിഫലിപ്പിക്കാൻ കഴിയും എന്നതിന് തെളിവ് കാണിക്കുകയായിരിന്നുവെന്ന് പാപ്പ തന്റെ പ്രസംഗത്തിൽ പറഞ്ഞു. അന്താരാഷ്ട്രസമ്മേളനത്തിന് 'സ്ത്രീകൾ മാനവികതയുടെ ശില്പികൾ' എന്ന തലക്കെട്ട് അനുയോജ്യമാണെന്ന് പറഞ്ഞ പാപ്പാ, സ്ത്രീകളുടെ വിളിയെയാണ് ഇത് അനുസ്മരിപ്പിക്കുന്നതെന്ന് ഓർമ്മിപ്പിച്ചു.

ദൈവജനങ്ങൾക്കിടയിൽ സ്ത്രീകൾ കൂടുതൽ വിലമതിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനായി പരിശ്രമിക്കേണ്ടതിന്റെ ആവശ്യകത പാപ്പ എടുത്തുപറഞ്ഞു. ജീവന്റെയും, പൊതുനന്മയുടെയും സമാധാനത്തിന്റെയും സേവനത്തിലൂടെ സൃഷ്ടാവിന്റെ സഹകാരിണികളാകാൻ വിളിക്കപ്പെട്ടവരാണ് സ്ത്രീകൾ. സ്ത്രീകൾക്ക്, ഇന്നത്തെ ലോകത്തിന് ആർദ്രതയോടെയുള്ള പെരുമാറ്റത്തിന്റെ ശൈലി പകർന്നുകൊടുക്കാൻ സാധിക്കുന്നു. കാരുണ്യത്തിന്റെയും, സേവനതല്പരതയുടെയും ശൈലിയിലൂടെ സ്നേഹിക്കുകയും ഒരുമിപ്പിക്കുകയും ചെയ്യുന്ന വ്യക്തിത്വങ്ങളാകാൻ സ്ത്രീകൾക്ക് സാധിക്കുമെന്നും പാപ്പ കൂട്ടിച്ചേർത്തു

# ഞായറാഴ്ച വരെ അതീവ ജാഗ്രത പാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണസേന

അബുദാബി: അസ്ഥിര കാലാവസ്ഥ തുടരുന്ന യുഎഇയിൽ ഞായറാഴ്ച വരെ അതീവ ജാഗ്രത പാലിക്കണമെന്ന് ദേശീയ ദുരന്ത നിവാരണ സേനയുടെ മുന്നറിയിപ്പ്. പൊതുജനങ്ങൾ സുരക്ഷിതമായ ഇടങ്ങളിൽ കഴിയണമെന്നും ടൂറിസം ഇവന്റുകളും വാരാന്ത്യ അവധി യാത്രകളും ഒഴിവാക്കണമെന്നും നാഷണൽ എമർജൻസി ക്രൈസിസ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി അഭ്യർഥിച്ചു.

മാർച്ച് 8 വെള്ളിയാഴ്ച രാത്രി മുതൽ മാർച്ച് 10 ഞായറാഴ്ച വരെ രാജ്യത്തുടനീളം വ്യത്യസ്ത തീവ്രതയിലുള്ള മഴയും ഇടിമിന്നലും ആലിപ്പഴ വർഷവും കനത്ത കാറ്റും ഉണ്ടാകുമെന്ന് ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിപ്പ് നൽകിയതിനെ തുടർന്നാണ് ദേശീയ ദുരന്ത നിവാരണ സേന ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചത്. അസ്ഥിര കാലാവസ്ഥ തുടരുകയാണെന്ന് എൻസിഎം ഔദ്യോഗിക വക്താവ് ഡോ. മുഹമ്മദ് അൽ ഇബ്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വെള്ളക്കെട്ടുകളിൽ അകപ്പെടാൻ സാധ്യതയുള്ള വാഹനങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റണമെന്ന് ദുരന്ത നിവാരണ സേന അഭ്യർഥിച്ചു. റോഡുകളിൽ വെള്ളക്കെട്ട് രൂപപ്പെടുന്നതിനാലും വലിയ ജലാശയങ്ങളിൽ വെള്ളംനിറയുന്നതിനാലും ഡ്രൈവർമാർ ഉൾപ്പെടെയുള്ളവർ ജാഗ്രത പാലിക്കണം. കടലിൽ പോകരുത്. ആലിപ്പഴം വീഴാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ശ്രദ്ധവേണം. ടൂറിസം ഇവന്റുകളും പ്രവർത്തനങ്ങളും റദ്ദാക്കാമെന്നും ഇതുസംബന്ധിച്ച് പ്രാദേശിക എമർജൻസി ക്രൈസിസ് ടീമുകൾക്ക് തീരുമാനമെടുക്കാമെന്നും എൻസിഇഎംഎ ഔദ്യോഗിക വക്താവ് ഫഹദ് ബുട്ടി അൽ മുഹൈരി വ്യക്തമാക്കി.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
09
09 MARCH 2024
VOL 03 | ISSUE 068 | 767

# സാമൂഹിക പുരോഗതിയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തണം : ഉമാ തോമസ് എം എൽ എ

തൃപ്പൂണിത്തുറ: സ്ത്രീ പങ്കാളിത്തം തുല്യതയോടെ ഉറപ്പുവരുത്തിയാൽ മാത്രമേ സാമൂഹിക പുരോഗതി അർത്ഥപൂർണമാവുകയുള്ളൂവെന്ന് ഉമാ തോമസ് എം. എൽ. എ. എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന പതിനായിരത്തോളം വനിതാ സ്വയംസഹായ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ, നബാർഡ്, കൊച്ചി എഫ്.എം. റേഡിയോ, എറണാകുളം ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, തൃപ്പൂണിത്തുറ ഫൊറോനാ പള്ളി എന്നിവരുടെ സഹകരണത്തോടെ തൃപ്പൂണിത്തുറയിൽ വച്ചു നടന്ന അന്തർദേശീയ വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഉമാ തോമസ്. സ്ത്രീ ശാക്തീകരണം ഉറപ്പാക്കാൻ ശ്രമിക്കുന്നതിലൂടെ എല്ലാ മേഖലകളിലും സ്ത്രീകൾക്ക് തുല്യത ആർജിച്ചെടുക്കാൻ സാധിക്കുമെന്ന് തന്റെ ജീവിതാനുഭവങ്ങൾ കൂടി പങ്കുവെച്ചു കൊണ്ട് ഉമാ തോമസ് കൂട്ടിച്ചേർത്തു. തൃപ്പൂണിത്തുറ നഗരസഭാധ്യക്ഷ രമാ സന്തോഷ് വനിതാസംഗമത്തിൽ അധ്യക്ഷയായിരുന്നു. വനിതാ ദിനാഘോഷങ്ങൾ സമൂഹത്തിൽ ഉയർത്തി പിടിക്കുന്ന സന്ദേശം പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യത എന്നായിരിക്കണമെന്ന് എറണാകുളം ജില്ലാ സെഷൻസ് ജഡ്ജ് ജസ്റ്റീസ് ഹണി എം. വർഗീസ് വനിതാ ദിന സന്ദേശത്തിൽ സൂചിപ്പിച്ചു. വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ നബാർഡ് ജില്ലാ മാനേജർ അജീഷ് ബാലു, ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി സബ് ജഡ്ജ് രഞ്ജിത്ത് ആർ കൃഷ്ണൻ, സഹൃദയ സയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, തൃപ്പൂണിത്തുറ ഫൊറോനാ വികാരി ഫാ.തോമസ് പെരുമായൻ എന്നിവർ ചേർന്ന് ആദരിച്ചു. തൃപ്പൂണിത്തുറ ഫൊറോനാ പള്ളി ട്രസ്റ്റി ജോഷി, റാണി ചാക്കോ, ലിസി ജോർജ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.






തയ്യാറാക്കിയത്:
സിസ്റ്റർ രേഖ സജിമോൻ

## ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **യെശയ്യാവ് 13 - 15**

1) ആമോസിന്റെ മകനാര്?
2) കൊടി ഉയർത്തുന്നതാര്?
3) യെഹോവ മനസ്സലിഞ്ഞതാരോട്?
4) ജാതികളെ താഴ്ത്തികളഞ്ഞവൻ ആര്?
5) പേര് നിലനിൽക്കുകയില്ല ആരുടെ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1) അശൂർ (യെശ. 10:5)
2) യിശ്ശായി (യെശ.11:1)
3) പൈതൽ (യെശ. 11:8)
4) വിധവമാർ (യെശ.10:2)
5) അശൂർ (യെശ. 10:12)






# CHRISTIAN LIVE DAILY

09 MARCH 2024
VOL 03
ISSUE 068 | 767

ON THE BATTLEFIELD FOR THE GREAT COMMISSION



www.christianlive.in
cnl7news@gmail.com
+91 98465 52220